# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4271 20.03.2018 ൽ മറുപടിയ്ക്ക്

### പരിസര മലിനീകരണം കുറയ്ക്കുന്ന തരത്തിലുള്ള ഗതാഗത മാർഗ്ഗങ്ങൾ

| ചോദ്യം<br>ശ്രീ.വി.ആർ. സുനിൽ കുമാർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | പരിസര മലിനീകരണം കുറയ്ക്കുന്ന തരത്തിലുള്ള ഏതെല്ലാം ഗതാഗത മാർഗ്ഗങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | (എ) | അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ചിട്ടുള്ള ഇ-വാഹനങ്ങൾ (ഇ-റിക്ഷ, ഇ-കാർ, ഇ-ബൈക്ക്) സംസ്ഥാനത്തുടനീളം വിപണനം നടത്തുന്നതിനും വിൽപ്പനാനന്തര സേവനം നൽകുന്നതിനും ഇരുപത്തിയഞ്ച് വാഹന നിർമ്മാണ കമ്പനികൾക്ക് മോട്ടോർ വാഹന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇ-റിക്ഷ ഓടിക്കുന്ന ഡ്രൈവർമാർക്ക് ലൈസൻസിന് പുറമെ ബാഡ്ജ് വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് ആവശ്യമില്ല എന്നും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അന്തരീക്ഷ മലിനീകരണം കുറയ്ക്കുമെന്നതിനാൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി, ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി/സി.എൻ.ജി ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും നിലവിലെ വാർഷിക നികുതി 500/-രൂപയിൽ നിന്ന് 450/-രൂപയായി കുറയ്ക്കുവാനും, പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങൾക്ക് 5 വർഷത്തേയ്ക്ക് 2000/- രൂപ എന്ന നിരക്കിൽ നികുതി ഈടാക്കുവാനും 2018-19-ലേക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശമുണ്ട്. ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഓട്ടോറിക്ഷകളുടെ നികുതി നിരക്ക് ഇത്തരം വാഹനങ്ങൾക്ക് ഏർപ്പെടുത്തുവാനും തീരുമാനമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് വൈദ്യുത ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ വ്യാപകമാക്കുന്നതിന് തയ്യാറാകുമോ; | (ബി) | വൈദ്യുത ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ രജിസ്റ്ററിംഗ് അതോറിറ്റികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വൈദ്യുത ബാറ്ററികൾ പെട്ടെന്ന് റീചാർജ്ജ് ചെയ്യുന്ന തരത്തിലുള്ള റീചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; | (സി) | വകുപ്പിന്റെ പരിഗണനയിലില്ല. |
| (ഡി) | സി.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബസ്സുകൾ കൂടുതലായി നിരത്തിലിറക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ആവശ്യമായ ഫില്ലിംഗ് സ്റ്റേഷനുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അത്തരത്തിലുള്ള ബസുകൾ നിരത്തിലിറക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**